പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ - 2306 15.07.2011 -ലെ മറുപടിക്ക്

**അങ്കമാലി ടെൽക്ക് റെയിൽവേ മേൽപ്പാലത്തിൽ അപകട മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്തൽ**

**ചോദ്യം**
**ശ്രീ. ജോസ് തെറ്റയിൽ**

**ഉത്തരം**
**വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) അങ്കമാലി ടെൽക്ക് റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ് താഴേക്ക് മറിഞ്ഞ് നിരവധി മരണങ്ങൾ നടന്നിട്ടും ഇവിടെ അപകട മുന്നറിയിപ്പ് നൽകുന്ന യാതൊരു സംവിധാനങ്ങളും ഏർപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പ്രസ്തുത അപകടം നടന്നത് 2 വർഷങ്ങൾക്കു മുൻപാണ്. അതിനു ശേഷം അത്യാവശ്യം വേണ്ട സൈൻ ബോർഡുകളും റിഫ്ളക്ടറുകളും ആ ഭാഗത്ത് സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) അപകട മുന്നറിയിപ്പ് നൽകാനുള്ള കാലതാമസമെന്ത് എന്ന് വ്യക്തമാക്കുമോ ? | (ബി) സൈൻ ബോർഡുകളും റിഫ്ളക്ടറുകളും സ്ഥാപിക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടായിട്ടില്ല. ആ ഭാഗത്ത് മുന്നറിയിപ്പായി ക്രാഷ് ബരിയേഴ്സ് സ്ഥാപിക്കാനുള്ള നടപടികൾ പരിഗണനയിലാണ്. |

| | |
|---|---|
| **(സി)** കാലതാമസം ഒഴിവാക്കി പ്രസ്തുത സംവിധാനം എന്ന് ഏർപ്പെടുത്തുവാൻ കഴിയുമെന്ന് അറിയിക്കുമോ ? | **(സി)** മണ്ണുത്തി മുതൽ ഇടപ്പള്ളി വരെയുള്ള റോഡിന്റെ പണി ക്രാഷ് ബേരിയറോടു കൂടി വീതി കൂട്ടലും അഭിവൃദ്ധിപ്പെടുത്തലും ഉൾപ്പെടെ ബി.ഒ.റ്റി അടിസ്ഥാനത്തിൽ നടന്നു വരുന്നു. രണ്ടോ, മൂന്നോ മാസത്തിനകം പൂർത്തിയാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**